## കൃഷി അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ

129(3561) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് കൃഷി അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി ഒരു ജില്ലയിൽ ഒരു ഉൽപ്പന്നം എന്ന രീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ ജില്ലയിലും ഭക്ഷ്യസംസ്കരണ മേഖലയിൽ നിന്നുള്ള ഒരു ഉൽപ്പന്നം വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്റ്റ് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ 60-40 അനുപാതത്തിൽ കേന്ദ്ര-കേരള സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി. ഓരോ ജില്ലയിലും തദ്ദേശീയമായി ലഭ്യമായ ഉത്പന്നങ്ങളാണ് അതത് ജില്ലകളുടെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അടയ്ക്ക ഉത്പാദിപ്പിക്കുന്ന കാസർഗോഡ് ജില്ലയിൽ ഈ ഉത്പന്നം കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

നിലവിൽ കല്ലുമ്മേക്കായയാണ് PMFME പദ്ധതിയിൽ കാസർഗോഡ് ജില്ലയുടെ ഒരു ജില്ല ഒരു ഉൽപ്പന്നമായി തെരഞ്ഞെടുത്തിരിക്കുന്നത്. ഈ ഉൽപ്പന്നത്തിന്റെ മൂല്യവർദ്ധനയ്ക്കുള്ള പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ ഭക്ഷ്യ സംസ്കരണമേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സൂക്ഷ്മ സംരംഭങ്ങൾക്കും PMFME പദ്ധതി വഴി വിപുലീകരണം ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്കുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. നിലവിൽ അടയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നത്തിൽ ചെറിയ രീതിയിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് കൂടുതൽ നിക്ഷേപം നടത്തി സംരംഭത്തെ മികച്ച രീതിയിലേക്ക് മാറ്റുന്നതിന് PMFME പദ്ധതി വഴി സാധിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിന് നടപടി**

130 (3562) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം പരമ്പരാഗത വ്യവസായ മേഖലയിൽ മുതൽമുടക്കിയിട്ടുള്ളവരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പഠനം നടത്തിയിട്ടില്ല.

(ബി) പ്രസ്തുത മേഖലയുടെ തകർച്ച നിലവിലെ സ്ഥിതിയിൽ തുടരുന്നത് വൻസാമ്പത്തിക ദുരന്തത്തിന് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സമസ്ത മേഖലകളെയും ബാധിച്ചതുപോലെ പരമ്പരാഗത വ്യവസായ മേഖലയിലും സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കോവിഡ് പ്രതിസന്ധി കാരണമായിട്ടുണ്ട്. കൈത്തറി മേഖലയിൽ കൂടുതൽ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ ഒന്നാം വ്യാപനം കയർ മേഖലയെ ബാധിച്ചിരുന്നില്ല. കോവിഡ് വ്യാപനഘട്ടത്തിലും കയർമേഖലയിൽ വളർച്ചയുണ്ടായകാര്യം സംസ്ഥാന പ്ലാനിംഗ് ബോർഡ് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാംതരംഗം കയർപിരി മേഖലയെയും ഉല്പന്നമേഖലയെയും ഏറെക്കുറെ ബാധിച്ചു. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ കയർഫെഡ് മുഖേന ചകിരി എത്തിച്ചു കൊടുത്തു. കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ പരമാവധി പ്രയോജനപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി സജീവമാകുന്നതോടെ കയർ സ്റ്റോക്കുള്ളത് ദ്രവസ്തുമാക്കി മാറ്റി വിനിയോഗിക്കാനാകും. കോവിഡ് പശ്ചാത്തലത്തിൽ പരമാവധി സർക്കാർ ഇടപെടൽ നടത്തി കയർ വ്യവസായ രംഗത്തെ സഹായിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള കയർ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly